(എഫ്) സംസ്ഥാനത്ത് കൂടുതൽ ഹെർമിറ്റേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) എങ്കിൽ എവിടെയൊക്കെ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തു മാത്രം.

(സി) സിംഗിൾ, ഡബിൾ, ട്രിപ്പിൾ റൂമുകൾ, അടുക്കള, ഭക്ഷണശാല, ലൈബ്രറി, റീഡിംഗ് റൂം, ചികിത്സാ സൗകര്യം, റിക്രിയേഷൻ റൂം, പ്രാർത്ഥനാ ഹാൾ തുടങ്ങിയ സൗകര്യങ്ങളാണ് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) ഉണ്ട്.

(ഇ) വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുക, ഹെർമിറ്റേജിന്റെ സമീപത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുക, ഒഴിവു സമയങ്ങളിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പുതു പഠന സൗകര്യങ്ങൾ ഉണ്ടാക്കുക, ഹെർമിറ്റേജിലെ വിരമിച്ച അധ്യാപകരുടെ മുഴുവൻ കഴിവും സമൂഹത്തിന് മൊത്തത്തിൽ പ്രയോജനപ്പെടുത്തുക എന്നിവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(എഫ്&ജി) തിരുവനന്തപുരത്ത് ഹെർമിറ്റേജിൽ 93 പേരെ താമസിപ്പിക്കാം. ആവശ്യമെന്നുകാണുന്നപക്ഷം കൂടുതൽ ഹെർമിറ്റേജുകൾ ആരംഭിക്കുന്നതാണ്.

46 (487) എയിഡഡ് സ്കൂൾ അധ്യാപകർക്ക് പ്രൊട്ടക്ഷൻ അനുവദിക്കുന്ന നടപടി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14.7.96-ൽ സർവ്വീസിലുണ്ടായിരുന്നവരും 1996-97 വിദ്യാലയ വർഷത്തിൽ 14.7.97 വരെ റഗുലർ തസ്തികയിൽ നിയമിതരായവരുമായ എയിഡഡ് സ്കൂൾ അധ്യാപകർക്ക് പ്രൊട്ടക്ഷൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ ഉത്തരവിന്റെ ആനുകൂല്യത്തിൽ സംസ്ഥാനത്ത് എത്ര അധ്യാപകർക്ക് സർവ്വീസിൽ തുടരാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇതുമൂലം സർക്കാരിന്റെ അധിക സാമ്പത്തിക ബാദ്ധ്യത എത്രയാണ്;

(ഇ) ഈ ആനുകൂല്യം എയിഡഡ് സ്കൂളിലെ അനധ്യാപകർക്ക് നൽകാതിരുന്നതിന്റെ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ഈ ഉത്തരവിന്റെ ആനുകൂല്യം എയിഡഡ് സ്കൂൾ അനധ്യാപ കർക്കു കൂടി ലഭ്യമാക്കിയാൽ സംസ്ഥാനത്ത് എത്രപേർക്ക് ഇതിന്റെ പ്രയോ ജനം ലഭിക്കും;

(ജി) ഇതുമൂലം സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത എത്ര;

(എച്ച്) പ്രൊട്ടക്ഷൻ ആനുകൂല്യം എയിഡഡ് സ്കൂളിലെ അനധ്യാപ കർക്കുകൂടി ലഭ്യമാക്കാൻ സർക്കാർ അടിയന്തിര ഉത്തരവ് പുറപ്പെടുവി ക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉള്ളടക്കം ചെയ്യുന്നു.†

(സി) കൃത്യമായ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) നിലവിലുള്ള അധ്യാപകരെ തുടരാൻ അനുവദിക്കുന്നതു കൊണ്ട് അധിക സാമ്പത്തിക ബാദ്ധ്യതയില്ല.

(ഇ) അനധ്യാപകർക്കു നൽകുന്ന കാര്യം പരിഗണനയിലാണ്.

(എഫ്&ജി) 10 ലക്ഷം രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യതയു ണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.

(എച്ച്) ഈ വിഷയം പരിഗണനയിലാണ്.

47 (489) പ്ലസ് ടു കോഴിസിന് മാത്രമായി പ്രിൻസിപ്പാൾമാരെ നിയമിക്കുന്നതിന് നടപടി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് ടു കോഴ്സിന് മാത്രമായി സ്കൂളുകളിൽ പ്രിൻസിപ്പാൾമാരെ നിയമിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(ബി) പ്ലസ് ടു അധ്യാപകർക്ക് യോഗ്യതാ പരീക്ഷ നിർബന്ധമാ ക്കുന്ന സാഹചര്യത്തിൽ ഇപ്പോൾ സർവ്വീസിലുള്ള മുഴുവൻ പ്ലസ് ടു അധ്യാപ കരെയും പ്രസ്തുത പരീക്ഷ പാസ്സാകുന്നതിൽനിന്ന് ഒഴിവാക്കുമോ;

(സി) ഇവർക്കായുള്ള സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി ഹയർ സെക്കണ്ടറി അധ്യാപകരുടെ സംഘടനകളുമായി കൂടിയാ ലോചന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്പെഷ്യൽ റൂൾസ് എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്ത മാക്കുമോ?

ഉത്തരം

(എ) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിന്ശേഷമേ ഈ കാര്യ ത്തിൽ അന്തിമ തീരുമാനം ഉണ്ടാകുകയുള്ളൂ.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly